# തഖ്‌വയുടെ സദ്ഫലങ്ങൾ

അബൂ അബ്ദില്ല ഹംസ അന്നായലീ

ഹഫിദഹുല്ലയുടെ "തൻബീഹുൽ ഉമ്മ" എന്ന

ഗ്രന്ഥത്തിൽ നിന്ന്

## വിവർത്തനം : അബൂ ബിലാൽ

കഴിഞ്ഞ ലേഖനത്തിൽ റമദാൻ മാസവും തഖ്‌വയും തമ്മിലുള്ള ബന്ധം എന്താണെന്ന് നാം മനസ്സിലാക്കുകയും, രഹസ്യത്തിലും പരസ്യത്തിലും തഖ്‌വ പുലർത്തണമെന്നതിലേക്ക് പ്രേരിപ്പിക്കുന്ന വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും സലഫുകളുടെ വാക്കുകളിൽ നിന്നുമുള്ള ഏതാനും ചില പ്രമാണങ്ങൾ നാം ചർച്ച ചെയ്യുകയും ചെയ്തു.

ഒരടിമ തന്റെ ജീവിതയാത്രയിൽ കരുതിവെച്ചിരിക്കേണ്ട ഏറ്റവും നല്ല പാഥേയം അല്ലാഹുവിനോട് തഖ്‌വ പുലർത്തുക എന്നതാണെന്ന് നാം അറിയേണ്ടതുണ്ട്.അല്ലാഹു പറയുന്നു: '....നിങ്ങൾ യാത്രയ്ക്കു വേണ്ട വിഭവങ്ങൾ ഒരുക്കിപ്പോകുക. എന്നാൽ യാത്രയ്ക്കു വേണ്ട വിഭവങ്ങളിൽ ഏറ്റവും ഉത്തമമായത് സൂക്ഷ്മതയാകുന്നു.....' (അൽ ബഖറ :197)

അല്ലാഹു നിരീക്ഷിക്കുന്നുവെന്ന ബോധം ഇല്ലാതായതും അവനെ സൂക്ഷിക്കുക എന്ന തഖ്‌വ നാം കൈവിട്ടതും കൊണ്ട് മാത്രമാണ് അല്ലാഹുവിന്റെ ശത്രുക്കൾ നമ്മെ അതിജയിച്ചതും, നാം ദുർബലരായിപ്പോയതും.നാം ഓരോരുത്തരും അല്ലാഹുവിന്റെ മഹത്വം മനസ്സിൽ തിരിച്ചറിഞ്ഞ് അവൻ കൽപിച്ചതായ കാര്യങ്ങൾ പ്രവർത്തിക്കുകയും അവൻ വിരോധിച്ചതായ കാര്യങ്ങൾ വെടിയുകയും ചെയ്തിരുന്നെങ്കിൽ അവനോടുള്ള തഖ്‌വ

യാഥാർഥ്യമാകുമായിരുന്നു.അതിനാൽ അല്ലാഹു മുസ്‌ലിം ഉമ്മത്തിന്റെ ഏതെങ്കിലും ചുമതല ഏൽപിച്ചു നൽകിയവനേ... നീ നിന്റെ സ്വന്തത്തിലും നീ ചുമതല ഏൽപ്പിക്കപ്പെട്ടവരുടെയും കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുക.മുസ്‌ലിം ഉമ്മത്തിന്റെ മക്കളെ പഠിപ്പിക്കാൻ ചുമതല ഏൽപ്പിക്കപ്പെട്ടവനേ... അവരുടെ കാര്യത്തിൽ നീ അല്ലാഹുവെ സൂക്ഷിക്കുക.സംശുദ്ധമായ അഖീദയിലേക്കും ശ്രേഷ്ഠകരമായ ഇസ്‌ലാമിക സ്വഭാവങ്ങളിലേക്കും അവരെ വഴി നയിക്കുക.ഉദ്യോഗം ഏൽപിക്കപ്പെട്ടവനേ...നീ അമാനത്ത് മുറുകെ പിടിക്കുകയും അതിൽ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിശ്ചയം നിങ്ങൾ അറിയുക നാളെ സ്യഷ്ടാവിന്റെ മുന്നിൽ നിങ്ങൾ നിൽക്കുകയും, നിങ്ങൾ എന്ത് പ്രവർത്തിച്ചു എന്നതിനെ കുറിച്ച് അവൻ നിങ്ങളോട് ചോദിക്കുകയും ചെയ്യും.ആ ചോദ്യത്തിനുള്ള ശരിയായ ഉത്തരം നിങ്ങൾ കണ്ടുവെക്കുക.

ഇമാം ബുഖാരിയും മുസ്‌ലിമും ഇബ്നു ഉമർ (റ) വിൽ നിന്നുദ്ധരിക്കുന്ന ഹദീസിൽ നബി ﷺ പറയുന്നു. ‘അറിയണം! നിങ്ങൾ ഓരോരുത്തരും ഉത്തരവാദിത്വത്തം നൽകപ്പെട്ടവരും,ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടവയെ കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്.അതിനാൽ ഭരണാധികാരി തന്റെ പ്രജകളുടെ മേൽ ഉത്തരവാദിത്വമുള്ളവനും, അവന്റെ പ്രജകളെ കുറിച്ച് ചോദിക്കപ്പെടുന്നവനുമാണ്.വീട്ടുകാരൻ

തന്റെ വീട്ടുകാരുടെ മേൽ ഉത്തരവാദിത്വമുള്ളവനും അതിനെ കുറിച്ച് ചോദിക്കപ്പെടുന്നവനുമാണ്.സ്ത്രീ ഭർത്താവിന്റെ വീടിന്റെയും കുട്ടിയുടെയും ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടവളാണ്.അവയെ കുറിച്ച് അവളോട് ചോദിക്കപ്പെടും, അടിമ തന്റെ യജമാനന്റെ ധനത്തിനു മേൽ ഉത്തരവാദിത്വമുള്ളവനാണ്.അതിനെ കുറിച്ച് അവനോടും ചോദിക്കപ്പെടും.അറിയണം! അതുകൊണ്ട് തന്നെ നിങ്ങൾ ഓരോരുത്തരും ഉത്തരവാദിത്വത്തം നൽകപ്പെട്ടവരും, ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടവയെ കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്.

## എന്താണ് തഖ്‌വ?

സമഗ്രവും സംക്ഷിപ്തവുമായ വാക്കുകളിൽ തഖ്‌വയെ നിർവചിച്ച് കൊണ്ട് ത്വൽഖ ബ്നു ഹബീബ് (റ) പറയുന്നു: ‘അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് അല്ലാഹുവിൽ നിന്നുള്ള (വഹ്‌യിന്റെ) പ്രകാശത്തിൽ അല്ലാഹുവിനെ അനുസരിക്കലും, അല്ലാഹുവിന്റെ ശിക്ഷയെ ഭയന്ന് അല്ലാഹുവിൽ നിന്നുള്ള (വഹ്‌യിന്റെ) പ്രകാശത്തിൽ അല്ലാഹുവിനെ ധിക്കരിക്കൽ ഉപേക്ഷിക്കലുമാണ് തഖ്‌വ. (ഇമാം ദഹബി : സിയർ)

മുസ്വന്നഫ് ഇബ്നു അബീ ശൈബയിൽ ഇബ്നു മസ്ഊദ് (റ) ആലു ഇമ്രാനിലെ 102 മത്തെ അയത്തിനെ

വിശദീകരിച്ച് കൊണ്ട് പറയുന്നു: അഥവാ 'അവനെ അനുസരിക്കുക.ഒരിക്കലും ധിക്കരിക്കാതിരിക്കുക. അവനെ സ്മരിക്കുക.ഒരിക്കലും വിസ്മരിക്കാതിരിക്കുക.അവന് നന്ദി കാണിക്കുക.ഒരിക്കലും നന്ദികേട് കാണിക്കാതിരിക്കുക

## എങ്ങനെ നമുക്ക് തഖ്‌വ നേടിയെടുക്കാനാവും?

അല്ലാഹു തൗഫീഖ് നൽകുന്ന ഒരുവന് വളരെ എളുപ്പത്തിൽ നേടിയെടുക്കാവുന്ന ഒന്നാണ് തഖ്‌വ.അവന്റെ കാരുണ്യത്തിൽ നിന്ന് അകറ്റപ്പെട്ട ഒരുവനല്ലാതെ അത് പ്രയാസകരമാവുകയില്ല.ഒരു അടിമ എപ്പോൾ ദേഹേച്ഛകളിൽ നിന്ന് വിടുതൽ പ്രാപിക്കുകയും നന്മകളിലേക്ക് മുന്നിടുകയും ആകാശഭൂമികളുടെ റബ്ബിലേക്ക് വിധേയത്വം കാണിക്കുകയും ചെയ്യുന്നുവോ.. അപ്പോൾ അവന് തഖ്‌വ പ്രാപിക്കാനാവും.

ഇമാം ഇബ്നു അബി ദുൻയാ (റ) യുടെ മുഹാസബത്തുന്നഫ്സ് എന്ന ഗ്രന്ഥത്തിൽ മൈമൂൻ ബ്നു മെഹ്റാൻ പറയുന്നതായി ഉദ്ധരിക്കുന്നു.കച്ചവടപങ്കാളിയെ (ലാഭനഷ്ടം തിട്ടപ്പെടുത്തുന്നതിനായി) കണക്കു നോക്കുന്നതിനേക്കാൾ ശക്തമായി സ്വന്തത്തെ ആത്മവിചാരണ നടത്താതെ ഒരുവന് ഒരിക്കലും തഖ്‌വയുള്ളവനാവാൻ കഴിയില്ല.

ഇതേ ഗ്രന്ഥത്തിൽ തന്നെ കാണാം ..നിശ്ചയം കഠിനനായ ഒരു ഭരണാധികാരിയെക്കാളും പിശുക്കനായ

ഒരു കച്ചവട പങ്കാളിയെക്കാളും കൂടുതൽ സ്വന്തത്തെ വിചാരണ നടത്തുന്ന ഒരുവനാകുന്നു തഖ്‌വയുള്ളവൻ.

തഖ്‌വക്ക് വളരെ മഹത്തങ്ങളായ സദ്ഫലങ്ങളും ശ്രേഷ്ഠതകളും ദുനിയാവിലും പരലോകത്തും ഉണ്ട്.തഖ്‌വയുടെ സ്ഥാനം വളരെ മഹത്തമായതുകൊണ്ട് മാത്രമാണ് അല്ലാഹു അവന്റെ അടിമകളോടു തഖ്‌വ കൊണ്ട് കൽപ്പിച്ചതും വസിയ്യത്ത് ചെയ്തതും. അതിനാൽ തന്നെ തഖ്‌വയുടെ സ്ഥാനത്തിനു യോജിച്ച പ്രതിഫലമാണ് അതിനു നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.അതിന്റെ ഫലങ്ങളിൽ പെട്ടതാണ് :

**<u>1: അല്ലാഹുവിൻറെ ഇഷ്ടം നേടാം</u>**

അല്ലാഹു പറയുന്നു: "അല്ല, വല്ലവനും തന്റെ കരാർ നിറവേറ്റുകയും തഖ്‌വ പുലർത്തുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു തഖ്‌വ പുലർത്തുന്നവരെ ഇഷ്ടപ്പെടുന്നു" (ആലു ഇംറാൻ 76)

ഇമാം ത്വബരി (റ) പറയുന്നു: അഥവാ, അല്ലാഹുവിന്റെ ശിക്ഷയെ ഭയന്നു അവൻ വിരോധിച്ചതും ഹറാമാക്കിയതുമായ കാര്യങ്ങൾ വെടിയുകയും, അവൻ കൽപ്പിച്ച കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ അവൻ ഇഷ്ടപ്പെടുന്നു.

ഇമാം സഅദി (റ) പറയുന്നു: (ആയത്തിൽ പരാമർശിച്ച) കരാറിൽ അടിമക്കും റബ്ബിനും

ഇടയിലുള്ള കരാറും,അടിമക്കും മറ്റു അടിമകൾക്കുമിടയിലുള്ള കരാറും ഉൾപ്പെടും. ഇവിടെ തഖ്‌വയുടെ അർത്ഥം അടിമക്കും റബ്ബിനും ഇടയിൽ സംഭവിക്കുന്ന പാപങ്ങളെ തൊട്ടും, അടിമക്കും മറ്റു അടിമകൾക്കുമിടയിൽ സംഭവിക്കുന്ന പാപങ്ങളെ തൊട്ടും സൂക്ഷ്മത പുലർത്തുക എന്ന ആശയത്തിലേക്കു മടങ്ങുന്നു. ആർ അപ്രകാരം പ്രവർത്തിക്കുന്നുവോ അവൻ അല്ലാഹു ഇഷ്ടപ്പെടുന്ന മുത്തഖികളിൽ പെട്ടവനാകും.

**2: അതുമൂലം ഇഹലോകത്തും പരലോകത്തും അല്ലാഹുവിന്റെ കാരുണ്യം ലഭിക്കും**

അല്ലാഹു പറയുന്നു: "ഇഹലോകത്തും പരലോകത്തും ഞങ്ങൾക്ക് നീ നൻമ രേഖപ്പെടുത്തുകയും (അഥവാ വിധിക്കുകയും) ചെയ്യേണമേ. തീർച്ചയായും ഞങ്ങൾ നിന്നിലേക്ക് മടങ്ങിയിരിക്കുന്നു. അവൻ (അല്ലാഹു) പറഞ്ഞു: എന്റെ ശിക്ഷ ഞാൻ ഉദ്ദേശിക്കുന്നവർക്ക് ഏൽപിക്കുന്നതാണ്.എന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കും. എന്നാൽ തഖ്‌വ പുലർത്തുകയും, സകാത്ത് നൽകുകയും, നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് (പ്രത്യേകമായി) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്" (അൽ അഅ്റാഫ്: 156)

ഇമാം ഇബ്നുൽ ഖയ്യിം (റ) പറയുന്നു: മുഅ്മിനുകൾക്ക് മാത്രം ലഭിക്കുന്ന അല്ലാഹുവിന്റെ പ്രത്യേക റഹ്മത്ത് ആണ് മുത്തഖികൾക്ക് രേഖപെടുത്തപ്പെടുക.

ഇബ്നുകസീർ(റ) പറയുന്നു: അഥവാ,താമസിയാതെ നാം ആ റഹ്മത്തിനെ (ആയത്തിൽ പരാമർശിച്ച) ഗുണങ്ങൾ ഉള്ളവർക്ക് മാത്രം ആക്കിത്തീർക്കും, മുഹമ്മദ് നബിﷺ യുടെ സമുദായം ആണ് അക്കൂട്ടർ. ഈ ആയത്തിൽ അല്ലാഹു പറയുന്നു: സുക്ഷ്മത പുലർത്തുന്ന ഒരു കൂട്ടർ 'അഥവാ ശിർക്കിൽ നിന്നും വൻപാപങ്ങളിൽ നിന്നും സുക്ഷ്മത പുലർത്തുന്നവർ' എന്നർത്ഥം.ശേഷം അല്ലാഹു പറയുന്നു: 'സകാത്ത് നൽകുന്നവരും' ഇവിടെ ധനത്തിന്റെ സകാത്ത് എന്നും ആത്മ സംസ്കരണമെന്നും ഉദ്ദേശിക്കപ്പെടാം.ഈ ആയത്ത് മക്കയിൽ അവതരിച്ചതാണ്.ശേഷം പറയുന്നു: 'നമ്മുടെ ആയാത്തുകളിൽ വിശ്വസിക്കുന്ന ഒരു കൂട്ടരും 'അഥവാ സത്യപ്പെടുത്തുന്ന ഒരുവർ'

**<u>3: അല്ലാഹുവിന്റെ സഹായം ലഭിക്കാനുള്ള കാരണമാണ് തഖ്‌വ</u>**

അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു തഖ്‌വ പുലർത്തുന്നവരോടൊപ്പമാകുന്നു.സദ്‌വൃത്തരായിട്ടു ള്ളവരോടൊപ്പവും" (അന്നഹ്ല്:128)

ഇമാം ഹസനുൽ ബസ്വരി (റ) പറയുന്നു:

(കാരണം) അവർ അല്ലാഹു ഹറാം ആക്കിയവയെ തൊട്ട് സുക്ഷ്മത പുലർത്തി, അല്ലാഹു ഫർള് ആക്കിയ കാര്യങ്ങൾ നന്നാക്കുകയും ചെയ്തു.

ഇബ്നു തൈമിയ്യ (റ) പറയുന്നു: ഈ ആയത്തിന്റെ സന്ദർഭം സൂചിപ്പിക്കുന്നത് ഇവിടെ കേവലം അല്ലാഹുവിന്റെ അറിവിനെ കുറിച്ചും കഴിവിനെ കുറിച്ചും പറയുക എന്നതു മാത്രമല്ല ഉദ്ദേശം.മറിച്ചു അല്ലാഹു അവന്റെ സഹായം കൊണ്ടും പിന്തുണ കൊണ്ടും അവരോടൊപ്പം തന്നെയുണ്ട് എന്നു അറിയിക്കൽ കൂടിയാണ്.മുത്തഖികൾക്ക് അവൻ രക്ഷാമാർഗം ഒരുക്കുകയും അവർ വിചാരിക്കാത്ത രൂപത്തിൽ ഉപജീവനം നൽകുകയും ചെയ്യുന്നു.

സഅദി (റ) പറയുന്നു: അല്ലാഹു അവന്റെ സഹായം കൊണ്ടും പിന്തുണ കൊണ്ടും മുത്തഖികളോടൊപ്പം തന്നെ ഉണ്ട്.കുഫ്റിൽ നിന്നും പാപങ്ങളിൽ നിന്നും സുക്ഷ്മത പുലർത്തുന്നവരും അല്ലാഹുവിനെ കാണുന്നില്ലെങ്കിലും അല്ലാഹു നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു എന്ന ബോധത്താൽ അവനെ കാണുന്നതു പോലെ ആരാധിക്കുന്നവരും, സഹജീവികൾക്ക് എല്ലാ നിലക്കുമുള്ള നൻമ ചെയ്യുന്നവരുമാണവർ.അല്ലാഹു നമ്മെ മുത്തഖികളിൽ ഉൾപ്പെടുത്തുമാറാകട്ടെ....

**4. ഹൃദയത്തിൽ പ്രകാശം നിറക്കുകയും ഹൃദയത്തിന്റെ**

**ഉൾകാഴ്ചയെ ശക്തിപ്പെടുത്തുകയും ചെയ്യും.അതുമൂലം ഉപകാരപ്പെടുന്നതിനേയും അല്ലാത്തതിനേയും അടിമക്ക് തിരിച്ചറിയാനാകും**

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കുവാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും, അവൻ നിങ്ങളുടെ തിൻമകൾ മായ്ച്ചുകളയുകയും, നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു" (അൽ അൻഫാൽ:29)

സഅദി (റ) പറയുന്നു: അടിമ റബ്ബിനെ തഖ്‌വ പുലർത്തിക്കൊണ്ടു അനുസരിക്കുക എന്നതാണ് വിജയത്തിന്റെ സൂത്രവാക്യവും അടയാളവും. ഇഹപരലോകത്തെ ഒട്ടനേകം നൻമകൾ അല്ലാഹു തഖ്‌വക്കായി നിശ്ചയിച്ചിട്ടുണ്ട്.അല്ലാഹുവെ തൊട്ട് തഖ്‌വ പുലർത്തുന്നവന് നാലുകാര്യങ്ങൾ ലഭിക്കും എന്ന്! ഈ ആയത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അവ ഓരോന്നും ഇഹലോകത്തിൽ ഉള്ളതിനേക്കാൾ ഉത്തമമായതാണ്:

**ഒന്ന്: അൽ ഫുർഖാൻ:**

വിജയപരാജയത്തിന്റെ ആളുകളെയും ഹലാൽ ഹറാമുകളെയും സത്യഅസത്യങ്ങളേയും സൻമാർഗത്തേയും വഴികേടിനേയും വേർതിരിച്ചറിയാൻ സഹായിക്കുന്ന

അറിവും ഹിദായത്തും ആണത്.

**രണ്ട്: പാപമോചനം (തക്ക്ഫീറു സയ്യിഅത്ത്)**

**മൂന്ന്: മഗ്ഫിറത്ത്**

ഇവ രണ്ടും പ്രയോഗത്തിൽ സമാനമായ അർത്ഥം കൽപിക്കാറുള്ള വാക്കുകളാണെങ്കിലും ഇവിടെ 'തക്ക്ഫീറു സയ്യിഅത്ത്' കൊണ്ടുദ്ദേശം ചെറുപാപങ്ങൾ പൊറുക്കലും 'മഗ്ഫിറത്ത്' കൊണ്ടുദ്ദേശം വൻ പാപങ്ങൾ പൊറുക്കലുമാണ്.

**നാല്: മഹത്തായ പ്രതിഫലങ്ങൾ നൽകപ്പെടും.**

**5: ഉപജീവനം വിശാലമാക്കപ്പെടും,ഐശ്വര്യത്തിന്റെ കവാടങ്ങൾ ധാരാളമായി തുറക്കപ്പെടും**

അല്ലാഹു പറയുന്നു: "ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും, തഖ്‌വ പുലർത്തുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷെ അവർ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി"
(അൽ അഅ്റാഫ്: 96)

സഅദി (റ) പറയുന്നു: പ്രവർത്തനങ്ങൾ കൊണ്ട് സത്യപ്പെടുത്തുന്ന നിലക്കുള്ള സത്യസന്ധമായ വിശ്വാസം

അവർ ഹൃദയം കൊണ്ടു സ്വീകരിക്കുകയും, അല്ലാഹു ഹറാം ആക്കിയ എല്ലാം വെടിഞ്ഞു കൊണ്ടും പ്രത്യക്ഷത്തിലും പരോക്ഷത്തിലും തഖ്‌വ പുലർത്തുകയും ചെയ്തിരുന്നുവെങ്കിൽ ആകാശ ഭൂമികളിലെ ഐശ്വര്യകവാടങ്ങൾ അവർക്ക് തുറന്നുകൊടുക്കപ്പെടുമായിരുന്നു, ആകാശം സമൃദ്ധമായി മഴ ചൊരിയുകയും, ഭുമിയിൽ നിന്നും എളുപ്പത്തിൽ ലഭിക്കാവുന്ന സസ്യലദാധികൾ അവർക്ക് മുളപ്പിച്ചു നൽകുകയും ചെയ്യുമായിരുന്നു. പക്ഷെ, അവർ വിശ്വസിക്കുകയോ തഖ്‌വ പുലർത്തുകയോ ചെയ്തില്ല, അതിനാൽ അല്ലാഹു പറയുന്നു: 'അപ്പോൾ അവർ പ്രവർത്തിച്ചതു നിമിത്തം നാം അവരെ പിടികൂടി' അഥവാ ശിക്ഷകൾ കൊണ്ടും പരീക്ഷണങ്ങൾ കൊണ്ടും ഐശ്വര്യക്കേട് കൊണ്ടും പിടികൂടി.അവരുടെ ചില പ്രവർത്തികൾക്കുള്ള ശിക്ഷ മാത്രമാണിത്, അവർ ചെയ്ത എല്ലാ പ്രവർത്തികളുടെയും പേരിൽ അല്ലാഹു അവരെ പിടികൂടിയിരുന്നുവെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയും അവശേഷിക്കില്ലായിരുന്നു.

**6: തഖ്‌വയുടെ പ്രതിഫലം സ്വർഗമാണ്**

അല്ലാഹു പറയുന്നു: "തീർച്ചയായും തഖ്‌വ പുലർത്തുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹങ്ങളുടെ സ്വർഗത്തോപ്പുകളുണ്ട്" (അൽ ഖലം: 34)

ഇമാം ഖുർത്ത്വുബി (റ) പറയുന്നു: മുത്തഖികൾക്ക് പരലോകത്ത് സ്വർഗങ്ങളുണ്ട്, ശുദ്ധമായ സുഖാസ്വാദനങ്ങളല്ലാതെ മറ്റൊന്നും അവിടെയില്ല.ദുനിയാവിലെ ആസ്വാദനങ്ങൾക്ക് സംഭവിക്കുന്നതുപോലെ ഭംഗങ്ങളോ അന്ത്യമോ അവിടത്തെ സുഖാസ്വാദനങ്ങൾക്ക് സംഭവിക്കുകയില്ല.

സഅദി (റ) പറയുന്നു: പാപങ്ങളിൽ നിന്നും കുഫ്റിൽ നിന്നും സുക്ഷ്മത പുലർത്തുന്നവർക്ക് അല്ലാഹു വൈവിധ്യങ്ങളായ അനുഗ്രഹങ്ങളും സൗഖ്യജീവിതവും ഒരുക്കിയിട്ടുണ്ടെന്ന അല്ലാഹു ഈ ആയത്തിൽ അറിയിക്കുന്നു.

പ്രിയപ്പെട്ടവരെ, തഖ്‌വ എന്ന വൃക്ഷത്തിൽ നിന്നും അടിമക്ക് ലഭിക്കുന്ന ഏതാനും ചില ഫലങ്ങളാണ് നാം ഇവിടെ ചർച്ച ചെയ്തത്.അതിനാൽ തഖ്‌വ ലഭിക്കാനായി അല്ലാഹുവോട് നാം ദുആ ചെയ്യുകയും, അതിനു സഹായകമായ കാര്യങ്ങൾ ജീവിതത്തിൽ മുറുകെ പിടിക്കുകയും ചെയ്യേണ്ടതുണ്ട്.അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.....